# 6
# പുതിയനിയമത്തിൻകീഴിലുള്ള സത്യാരാധന

യഹൂദന്മാർ വിഗ്രഹാരാധന നടത്തിയതും അന്യദേവന്മാരെ വണങ്ങിയിരുന്നവരുടെ ആരാധനയും ദൈവം സ്വീകരിച്ചിരുന്നില്ല എന്നു നാം മനസിലാക്കി. ബൈബിളിലെ ദൈവം തീഷ്ണതയുള്ള ദൈവം ആകുന്നു (പുറപ്പാട് 20:3–5) അവൻ ഏകസത്യ ദൈവവുമാണ്. അവൻ പറഞ്ഞിരിക്കുന്ന രീതിയിൽ, അവനെ മാത്രമെ ആരാധിക്കാവു.

ആവർത്തനപുസ്തകം 6:13 നും 10:20 നും സമാന്തരമായി യേശു പറഞ്ഞു, "നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ച്, അവനെ മാത്രമെ ആരാധിക്കാവു" (മത്തായി 4:10). മറ്റെല്ലാ ദൈവങ്ങളെയും മാറ്റി നിർത്തണം. ആരാധകർ ദൈവം കൽപിച്ചിരിക്കുന്നതുപോലെ, അവനെ മാത്രമെ ആരാധിക്കുവാൻ കൽപിച്ചിട്ടുള്ളു. മോശെ മുന്നറിയിച്ചു,

> നിന്റെ ദൈവമായ യഹോവയുടെ കോപം നിനക്ക് വിരോധമായി ജ്വലിച്ചു നിന്നെ ഭൂമിയിൽനിന്നു നശിപ്പിക്കാതിരിപ്പാൻ ചുറ്റുമിരിക്കുന്ന ജാതികളുടെ ദേവന്മാരായ അന്യദൈവങ്ങളുടെ പിന്നാലെ നീ പോകരുത്. നിന്റെ ദൈവമായ യഹോവ നിങ്ങളുടെ മദ്ധ്യേ തീഷ്ണതയുള്ള ദൈവം ആകുന്നു (ആവർത്തനപുസ്തകം 6:14, 15).

### ആരാധനയുടെ അതിരുകൾ

"തന്റെ ചട്ടങ്ങളും, വിധികളും, കൽപനകളും പ്രമാണിക്കേണ്ടതിന്" യിസ്രായേലിന്ന് ദൈവം മോശെ മുഖാന്തരം അവ വെളിപ്പെടുത്തി കൊടുത്തു (ആവർത്തനപുസ്തകം 6:2). എല്ലാം അനുസരിക്കണമെന്നാണ് ആ പ്രസ്താവന അർത്ഥമാക്കുന്നത് – ദൈവം കൽപിച്ചിരിക്കുന്നവയിൽ ഒന്നും വിട്ടുകളയേണ്ടതില്ല. അവയിൽനിന്നു ചിലതു തിരഞ്ഞെടുത്ത് ഉപയോഗിക്കുകയും മറ്റുള്ളവ മാറ്റി നിർത്തുവാനുമുള്ളതല്ല. ദൈവം തന്റെ നിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന എല്ലാ കൽപനകളും അനുസരിക്കണം.

കൂടാതെ, യിസ്രായേൽ ദൈവം കൽപിച്ചിരിക്കുന്നതു *മാത്രമെ* പിൻപറ്റുവാൻ പാടുണ്ടായിരുന്നുള്ളു. "ആകയാൽ നിങ്ങളുടെ ദൈവമായ യഹോവ കൽപിച്ചതുപോലെ ചെയ്വാൻ ജാഗ്രതയായിരിപ്പിൻ; ഇടത്തോട്ടെങ്കിലും വലത്തോട്ടെങ്കിലും മാറരുത്" (ആവർത്തനപുസ്തകം 5:32). ഇവിടെ പറഞ്ഞിരിക്കുന്ന "പോലെ" എന്ന വാക്കിന് "മാത്രം" എന്നാണ് അർത്ഥം. ദൈവം കൽപിച്ചതു മാത്രമെ അവർക്ക് അനുസരിക്കുവാൻ അനുവാദമുണ്ടായിരുന്നുള്ളു. ആ സന്ദേശം യിസ്രായേലിനും അവരുടെ രാജാക്കന്മാർക്കും പലയാവർത്തി നൽകിയിരുന്നു (ആവർത്തനപുസ്തകം 17:20; 28:14; യോശുവാ 1:7; 23:6; സദൃശവാക്യങ്ങൾ 4:27).

ദൈവകൽപനകളോട് കൂട്ടുവാനോ കുറക്കുവാനോ അവർക്ക് അനുവാദമില്ലായിരുന്നു. “ഞാൻ നിങ്ങളോട് കൽപിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ കൽപനകളെ നിങ്ങൾ പ്രമാണിക്കേണം. ഞാൻ നിങ്ങളോട് കൽപിക്കുന്ന വചനത്തോട് കൂട്ടുകയോ അതിൽനിന്നു കുറെക്കയോ ചെയ്യരുത്” (ആവർത്തനപുസ്തകം 4:2; കൂടാതെ 12:32; സദൃശവാക്യങ്ങൾ 30:6).

ജനങ്ങൾ തന്റെ കൽപനകളോട് കൂട്ടുവാനോ കുറക്കുവാനോ പാടില്ലെന്ന് ദൈവം വിലക്കിയിരുന്നു. കാരണം അവന്റെ കൽപനകൾ പ്രമാണിക്കുന്നതു ഉറപ്പുവരുത്തുവാനായിരുന്നു (ആവർത്തനപുസ്തകം 4:2) എന്തെങ്കിലും അതിനോട് കൂട്ടിച്ചേർത്താൽ അത് മനുഷ്യരുടെ ഇഷ്ടമാകും ദൈവത്തിന്റെ കൽപനയാവുകയില്ല. ആരെങ്കിലും അതിനോട് കൂട്ടിച്ചേർത്ത് പ്രമാണിച്ചാൽ, അവൻ ദൈവത്തെയായിരിക്കയില്ല അനുസരിക്കുന്നത്. ആരെങ്കിലും അതിൽനിന്നു എന്തെങ്കിലും കുറച്ചാൽ, അവൻ ദൈവകൽപനകൾ പ്രമാണിക്കുന്നതിൽ പരാജയപ്പെടുകയാണ്.

പുതിയനിയമത്തിലും യേശു അതേ തത്വം പഠിപ്പിച്ചിരിക്കുന്നു. “ഞാൻ നിങ്ങളോട് കൽപിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ച് ശിഷ്യരാക്കിക്കൊൾവിൻ” എന്നാണ് അവൻ തന്റെ അനുയായികളായ ശിഷ്യന്മാരോട് പറഞ്ഞത് (മത്തായി 28:20). വെളിപ്പാട് പുസ്തകത്തിൽനിന്ന് ആരും എടുത്തുകളയുവാനോ, അതിനോട് കൂട്ടിച്ചേർക്കുവാനോ പാടില്ല എന്നും അവൻ പറഞ്ഞിരിക്കുന്നു (വെളിപ്പാട് 22:18, 19). ചിലർ പറയുന്നത് അത് വെളിപ്പാട് പുസ്തകത്തിന് മാത്രമാണ് ബാധകമായിരിക്കുന്നത് എന്നാണ്. സന്ദർഭം നോക്കിയാൽ, അത് ശരിയാണ്. എന്നാൽ ദൈവം മറ്റെല്ലാ പുസ്തകങ്ങളേക്കാളും പ്രാധാന്യം വെളിപ്പാട് പുസ്തകത്തിനു നൽകുകയാണോ? വെളിപ്പാട്പുസ്തകത്തോട് കൂട്ടിയാലോ, അതിൽനിന്നു കുറച്ചാലോ ദൈവം സ്വീകരിക്കാതിരിക്കുകയും മറ്റു പുസ്കങ്ങളോട് കൂട്ടുകയോ അവയിൽനിന്നു കുറക്കുകയോ ചെയ്യുമ്പോൾ അത് സ്വീകരിക്കയും ചെയ്യുമെന്നാണോ?

ക്രിസ്തീയ തത്വങ്ങളടക്കമുള്ള “സുവിശേഷത്തെ” കുറിച്ച് പൗലൊസ് എഴുതി (1 തിമൊഥെയൊസ് 1:9–11) പറഞ്ഞത് മറ്റൊരു സുവിശേഷം പ്രസംഗിക്കുന്നവൻ ശപിക്കപ്പെട്ടവൻ എന്നാണ് (ഗലാത്യർ 1:8, 9). അതിനെ കുറിച്ച് യോഹന്നാൻ എഴുതി, “ക്രിസ്തുവിന്റെ ഉപദേശത്തിൽനിന്ന് അതിർകടന്നുപോകുന്ന ഒരുത്തനും ദൈവം ഇല്ല, ഉപദേശത്തിൽ നിലനിൽക്കുന്നവനോ പിതാവും പുത്രനും ഉണ്ട്” (2 യോഹന്നാൻ 9). ദൈവത്തെ നമസ്ക്കരിക്കുന്നവർ അവനെ “സത്യത്തിലും ആത്മാവിലും നമസ്ക്കരി*ക്കണം*” എന്നാണ് യേശു പഠിപ്പിച്ചത് (യോഹന്നാൻ 4:24). രക്ഷ ലഭിക്കേണ്ടതിനു ദൈവം പരിമിതികൾ വെച്ചിട്ടുണ്ട്, ആ പരിമിതികളിലുള്ളവർക്കാണ് ദൈവം രക്ഷ നൽകുന്നുത് (എബ്രായർ 5:9). ശരിയായി അവനെ നമസ്ക്കരിക്കുവാൻ ആഗ്രഹിക്കുന്നവരെ സംബന്ധിച്ചും അത് വാസ്തവമാണ്.

ദൈവം പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ പരിശീലനമായി ദെവത്തെ ആരാധിക്കുന്നതിനു പരിചയപ്പെടുത്തുമ്പോൾ, ആരാധനയിൽ നാം ഉപയോഗിക്കേണ്ടതെല്ലാം ദൈവം വെളിപ്പെടുത്തിയിട്ടില്ല എന്നു സൂചിപ്പിക്കുന്നു. അത് ദൈവത്തിന്റെ പൂർണ്ണതയുള്ള വെളിപ്പാടിനെ തള്ളിക്കളയുന്നതാണ്.

### സത്യത്തിലുള്ള ആരാധന

യേശു വെളിപ്പെടുത്തിയ സത്യമനുസരിച്ചായിരിക്കണം പുതിയനിയ

മത്തിൻ കീഴിലുള്ള ആരാധന. അരാധിക്കുന്ന സ്ഥലത്തെ കുറിച്ച് യാക്കൊബിന്റെ കിണറ്റിനരികിൽ നിന്ന ശമര്യക്കാരി സ്ത്രീ യേശുവിനോട് ചോദിച്ചു. ശമര്യക്കാർ ആരാധിച്ചിരുന്നത് ഗെരെസിം പർവ്വതത്തിലും, യെഹൂദന്മാർ യെരുശലേമിലുമായിരുന്നു നമസ്ക്കരിച്ചിരുന്നത്.

യഹൂദന്മാർ യെരുശലേമിൽ ആരാധിച്ചിരുന്നത് ശരിയായിരുന്നു എന്നു യേശു പറഞ്ഞു. എന്നാൽ യെഹൂദന്മാരുടെ പരിശീലനങ്ങളെ ശമര്യക്കാർ ചെയ്തിരുന്നതിനെ കുറിച്ച് അവൻ പറഞ്ഞു, "നിങ്ങൾ അറിയാത്തതിനെ നമസ്ക്കരിക്കുന്നു, ഞങ്ങളോ അറിയുന്നതിനെ നമസ്ക്കരിക്കുന്നു; രക്ഷ യെഹൂദന്മാരുടെ ഇടയിൽനിന്നല്ലോ വരുന്നത്" (യോഹന്നാൻ 4:22). ഒരു മാറ്റം ഉടൻ വരുന്നു, ആരാധകർ ദൈവത്തെ "സത്യത്തിലും ആത്മാവിലും" നമസ്ക്കരിക്കുവാനുള്ള നാഴിക വരുന്നു (യോഹന്നാൻ 4:23, 24). ആരാധന സത്യത്തിലും ആത്മാവിലും "ആയിരിക്കണം." തിരഞ്ഞെടുപ്പ് അനുവദിച്ചിട്ടില്ല. അന്തർലീനം വ്യക്തമാണ്: ശമര്യക്കാർ സത്യാരാധകരായിരുന്നില്ല. അവർ വിശ്വസിച്ചിരുന്നത്, യെഹൂദന്മാരുടെ അതേ ദൈവത്തെയായിരുന്നു, എന്നാൽ അവരുടെ ആരാധന തെറ്റായ സ്ഥലത്തായിരുന്നു. യോഹന്നാൻ 4:21–24 പഠിപ്പിക്കുന്നത് ...

- എല്ലാ ആരാധനയും ദൈവം സ്വീകരിക്കുന്നില്ല. ശമര്യക്കാർ ശരിയായ ദൈവത്തെ ആരാധിച്ചിരുന്നുവെങ്കിലും, അവരുടെ ആരാധന ശരിയായായ വിധത്തിലായിരുന്നില്ല.
- വെറുതെ ആരാധിക്കുന്നതിലധികം ദൈവം ആവശ്യപ്പെടുന്നു. ശമര്യക്കാർ ആരാധിച്ചിരുന്നുവെങ്കിലും, അറിയാതെയായിരുന്നു ആരാധിച്ചത്, കാരണം അവർ "[അറിയാത്തതിനെ]" അറിയാതെ നമസ്ക്കരിച്ചു.
- യെഹൂദാരാധന ഇന്ന് ആരാധനയല്ല, ന്യായപ്രമാണത്തിൻകീഴിൽ ആരാധനക്കായി ദൈവം തിരഞ്ഞെടുത്ത സ്ഥലമായിരുന്നു യെരുശലേം അത് ഇനി ഒരിക്കലും ആരാധനസ്ഥലമായി കണക്കാക്കുകയില്ല.
- യേശു പറഞ്ഞ വരുവാനിരുന്ന നാഴിക, ക്രിസ്തീയ കാലമാണ്, ഇന്ന് ദൈവം സ്വീകരിക്കുന്ന ഏക ആരാധന സത്യത്തിലും ആത്മാവിലുമുള്ള ആരാധനയാണ്.

സത്യം നമുക്ക് എങ്ങനെ നിർണ്ണയിക്കുവാൻ കഴിയും? സത്യം യേശു മുഖാന്തരം വെളിപ്പെടുത്തിയിരിക്കുന്നു (യോഹന്നാൻ 1:14, 17). ക്രിസ്തുവിന്റെ ഉപദേശത്തിൽ നാം തുടർന്നാൽ നമുക്ക് "സത്യം അറിയുവാൻ" കഴിയും (യോഹന്നാൻ 8:32), യേശുവിന്റെ വാക്കുകൾ ദൈവത്തിൽനിന്നായിരുന്നു (യോഹന്നാൻ 7:16; 12:49, 50; 14:24; 17:8), അതാണ് സത്യം (യോഹന്നാൻ 17:17). സത്യതൽപരരായവർ യേശുവിന്റെ ശബ്ദം കേൾക്കുന്നു (യോഹന്നാൻ 18:37), കാരണം സത്യം "യേശുവിൽ" മാത്രമാണുള്ളത് (എഫെസ്യർ 4:21).

അപ്പോൾ, യേശുവാണ് സത്യം കൊണ്ടുവന്നത്, അവനിൽ മാത്രമാണ് സത്യം ഉള്ളത് എന്നും നാം കണ്ടു; ആ സത്യമാണ് ദൈവത്തിന്റെ വചനത്തിലുള്ളത്. കൂടാതെ സകല സത്യവും ആത്മാവ് മുഖേന നമുക്ക് വെളിപ്പെടുത്തിതന്നിരിക്കുന്നു. അതുകൊണ്ട് നാം ആരാധനയിൽ ചെയ്യുന്നതെല്ലാം യേശു പഠിപ്പിച്ച സത്യത്തിൽ ഒതുങ്ങുന്നതായിരിക്കണം. ആരാധന ഇനി ഒരിക്കലും ന്യായപ്രമാണം ഉപദേശിക്കുന്നതുപോലെ അല്ല. നാം യേശുവിന്റെ വചനത്തിൽ

തുടർന്നാൽ നമുക്ക് സത്യം അറിയുവാൻ കഴിയും.

**ന്യായപ്രമാണപ്രകാരമല്ല**

പുതിയനിയമാരാധന ന്യായപ്രമാണപ്രകാരമല്ല. മോശെ മുഖാന്തരം ന്യായപ്രമാണം വന്നു എങ്കിൽ, യേശു മുഖാന്തരമാണ് കൃപയും സത്യവും വന്നത് (യോഹന്നാൻ 1:17). ആ തത്വം ക്രിസ്തീയാരാധനയിലും ബാധകമാണ്. സത്യം മോശെ മുഖാന്തരം വന്നതല്ലെങ്കിലും, അവന്റെ ഉപദേശങ്ങൾ അസത്യം ആയിരുന്നില്ല. യേശു മൂലം വന്ന സത്യത്തിന്റെ യഥാർത്ഥ നിഴലും പ്രാതിനിധ്യവുമായിരുന്നു മോശെ അവതരിപ്പിച്ചത്. “ന്യായപ്രമാണം ... വരുവാനുള്ള നന്മകളുടെ നിഴലല്ലാതെ മറ്റൊന്നുമായിരുന്നില്ല” (എബ്രായർ 10:1). ന്യായപ്രമാണ പരിശീലനങ്ങൾ “സ്വർഗീയത്തിന്റെ ദൃഷ്ടാന്തവും നിഴലും” ആയിരുന്നു (എബ്രായർ 8:5). അക്കാരണത്താൽ, ക്രിസ്ത്യാനികൾ പഴയനിയമത്തിൽ പഠിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആരാധിക്കേണ്ടവരല്ല.

ക്രിസ്ത്യാനികൾ പഴയനിയമാടിസ്ഥാനത്തിൽ ആരാധിക്കുകയാണെങ്കിൽ, ഇന്ന് ആരാധനയിൽ യാഗങ്ങളും വേണ്ടി വരും പാപത്തിന്റെ മോചനത്തിനായി നിഴലായി അർപ്പിച്ചിരുന്ന മൃഗങ്ങൾ യേശുവിന്റെ നിലനിൽക്കുന്ന യാഗത്താൽ പൂർത്തീകരിക്കപ്പെട്ടു. ന്യായപ്രമാണം പൂർത്തീകരിക്കപ്പെട്ടു നീക്കി എന്നാണ് ബൈബിൾ പറയുന്നത് (എഫെസ്യർ 2:14, 15). അതുകൊണ്ട്, ന്യായപ്രമാണത്തിൻകീഴുള്ള ആരാധനാ രീതികളെല്ലാം - യാഗങ്ങളടക്കം നീങ്ങപ്പെട്ടു.

പുതിയനിയമത്തിൻ കീഴിലുള്ളവരെ വിധിക്കുന്നത് യേശുവിന്റെ ഉപദേശമാണ് (യോഹന്നാൻ 12:48). ന്യായപ്രമാണത്തിൻ കീഴിൽ ജീവിച്ചവരെ യേശുവിന്റെ ഉപദേശം വിധിക്കുകയില്ല. ന്യായപ്രമാണപ്രകാരമായിരിക്കും അവരെ വിധിക്കുന്നത്: “ന്യായപ്രമാണം ഉണ്ടായിട്ടു പാപം ചെയ്തവർ ഒക്കെയും ന്യായപ്രമാണപ്രകാരം വിധിക്കപ്പെടും” (റോമർ 2:12).

ന്യായപ്രമാണത്തിൻകീഴിലുണ്ടായിരുന്നവരുടേയും ന്യായപ്രമാണത്തിൻകീഴിലല്ലാത്തവരുടേയും വിധി വ്യത്യസ്തമായിരിക്കും. ന്യായപ്രമാണം വിധിക്കുന്നത്, ന്യായപ്രമാണത്തിൻകീഴിലുള്ളവരെ മാത്രമായിരിക്കും. ന്യായപ്രമാണത്തിനു മുൻപുണ്ടായിരുന്നവരേയും, ന്യായപ്രമാണത്തിൻകീഴിലല്ലാതിരുന്ന ജാതികളെയും ന്യായപ്രമാണം ഉപയോഗിച്ചായിരിക്കയില്ല വിധി. (റോമർ 2:14), അല്ലെങ്കിൽ ന്യായപ്രമാണം നീങ്ങിയശേഷമുള്ളവരേയും അത് ഉപയോഗിച്ച് വിധിക്കുകയില്ല (എബ്രായർ 10:9).

യേശുവിന്റെ അനുയായികൾ ആരാധനക്കായി നോക്കേണ്ടത് അവന്റെ നിർദ്ദേശങ്ങളെയാണ്. ന്യായപ്രമാണത്തിലെ ആരാധനാ പരിശീലനങ്ങൾ ക്രിസ്ത്യാനികളെ ബാധിക്കുന്നില്ല. അവരെ ന്യായം വിധിക്കുന്നത് ന്യായപ്രമാണമനുസരിച്ചല്ല, മറിച്ച് യേശുവിന്റെ വചനങ്ങൾ പ്രകാരമാണ് (യോഹന്നാൻ 12:48).

പുതിയനിയമാരാധനയുടെ ആത്മിയ യാഥാർത്ഥ്യങ്ങളുടെ ഭൗതികമായ നിഴലുകൾ ന്യായപ്രമാണത്തിൽ അടങ്ങിയിരുന്നു. പുതിയനിയമത്തിൽ ആരാധന സത്യത്തിലും ആത്മാവിലും ആയിരിക്കണം. മൃഗയാഗങ്ങൾക്കു പകരം ക്രിസ്ത്യാനികൾ “യേശുക്രിസ്തുമുഖാന്തരം ദൈവത്തിനു പ്രസാദകരമായ ആത്മികയാഗമാണ് കഴിക്കേണ്ടത്” (1 പത്രൊസ് 2:5).

“അക്ഷരത്തിന്റെ പഴക്കത്തിലല്ല, ആത്മാവിന്റെ പുതുക്കത്തിലാണ്” നാം

സേവിക്കേണ്ടത് (റോമർ 7:6; 2:29; 2 കൊരിന്ത്യർ 3:6; ഫിലിപ്പിയർ 3:3 നോക്കുക). "അതുകൊണ്ട് അവൻ മുഖാന്തരം നാം ദൈവത്തിന് അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക" (എബ്രായർ 13:15).

## മനസാക്ഷിയനുസരിച്ചല്ല

യേശു കൽപിച്ചിട്ടില്ലാത്ത പരിശീലനങ്ങൾ വർഷങ്ങളായി ആചരിച്ചുവരുന്നതിനെ ന്യായീകരിച്ച് പലരും അവ സ്വീകരിച്ചുവരുന്നു. തങ്ങളുടെ മനസാക്ഷി തങ്ങളെ കുറ്റംവിധിക്കാത്ത കാലത്തോളം അവരുടെ ആരാധന തെറ്റല്ല എന്നാണ് അവർ പറയുന്നത്.

"മനസാക്ഷി" വരുന്നത് ലാറ്റിൻ വാക്ക് *കോൺ* എന്നതിൽനിന്നാണ്, അർത്ഥം "വിത്ത്" ആന്റ് സയൻസ് "നോളേജ്," അതിന് തുല്യമായ ഗ്രീക്ക് വാക്ക് *സുനെയിഡെസിസ്* എന്നും അർത്ഥം, "അറിവോടു കൂടി" എന്നാണ്. മനസാക്ഷി നമ്മുടെ നീതി നിർവ്വാഹണ വ്യവസ്ഥയായി തീരുമ്പോൾ, അത് നമ്മുടെ അറിവിനെ ആശ്രയിക്കും. ഒരാൾക്ക് നല്ല മനസാക്ഷിയുണ്ടെങ്കിൽ, തനിക്ക് ശരിയായ വിവരമാണുള്ളത് എന്ന് തീർച്ചയാക്കി അയാൾ വിചാരിക്കുന്നത് ശരിയാണെന്ന വിധത്തിൽ, താൻ ചെയ്യുന്നതു ശരിയാണെന്ന വിധത്തിൽ അതിനെ അംഗീകരിക്കും. ഒരാൾക്ക് നല്ല മനസാക്ഷി ഇല്ലെങ്കിൽ, താൻ ചെയ്യുന്നത് തെറ്റായാൽ പോലും, അല്ലെങ്കിൽ ദുരഭിമാനമായാൽ പോലും അത് അയാളുടെ മനസാക്ഷിയെ ഒരിക്കലും ബാധിക്കുകയില്ല.

പൗലൊസ് ശൗലായിരുന്നപ്പോൾ ക്രിസ്ത്യാനികളെയെല്ലാം കൊന്നുകളയണമെന്നു വിചാരിച്ചു. ദൈവത്തെ അല്ലാതെ മറ്റാരെയും ആരാധിക്കുന്നവരെ കൊല്ലണം എന്നാണ് ന്യായപ്രമാണം പഠിപ്പിച്ചിരുന്നത് (പുറപ്പാട് 22:20; ആവർത്തനപുസ്തകം 17:2-5). യേശുവിനെ ആരാധിച്ചിരുന്നവരെ ശൗൽ കൊന്നത് നല്ല മനസാക്ഷിയോടുകൂടിയായിരുന്നു (പ്രവൃത്തികൾ 23:1; 24:16), കാരണം അവർ മറ്റൊരു ദൈവത്തെയാണ് ആരാധിക്കുന്നത് എന്ന് അവൻ വിചാരിച്ചു (പ്രവൃത്തികൾ 26:9).

നാം ദൈവത്തെ അനുസരിക്കാതിരിക്കുമ്പോൾ പോലും, നാം ചെയ്യുന്നതു ശരിയാണെന്നു വിചാരിച്ചാൽ, നമ്മുടെ മനസാക്ഷി നമ്മെ കുറ്റം വിധിക്കുകയില്ല. നമ്മുടെ ചിന്ത ദൈവവചനാടിസ്ഥാനത്തിലാണെങ്കിൽ, നാം അത് പറയുന്നത് അനുസരിക്കുകയാണെങ്കിൽ, പിന്നെ നമ്മുടെ മസാക്ഷി ഒരിക്കലും നമ്മെ അലട്ടുകയില്ല. നാം ചെയ്യുന്നതു ശരിയാണെന്ന് വിചാരിച്ച് തെറ്റു ചെയ്യുമ്പോൾ നമ്മുടെ മനസാക്ഷി നമ്മെ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കും. ദുർമനസാക്ഷിയുള്ള ഒരാൾ തനിക്ക് ശരിയെന്നു അറിയാവുന്നതിനു വിരുദ്ധമായി ചെയ്താലും അയാളെ മനസാക്ഷി കുറ്റപ്പെടുത്തുകയില്ല. ശരിയായ പരിശീലനത്തിന് മനസാക്ഷിയെ ആശ്രയിക്കുന്നതിനുപകരം, നിലവാരത്തിന് ദൈവവചനത്തെ ആശ്രയിക്കുകയാണ് വേണ്ടത് (1 യോഹന്നാൻ 4:1, 6).

## മനുഷ്യരുടെ പാരമ്പര്യമനുസരിച്ചല്ല

ഒരു പാരമ്പര്യം (ഗ്രീക്ക്.: *പാരാഡോസിസ്*) കൈമാറിക്കിട്ടിയ ഉപദേശമോ പരിശീലനമോ ആണ്. മൂന്നു പരിശോധനകളാൽ ഒരു പാരമ്പര്യം നല്ലതാണോ അതോ മോശമാണോ എന്നറിയുവാൻ കഴിയും: (1) അതിന്റെ ഉറവിടം എന്താണ്? (2) അതു ദൈവത്തിന്റെ ഉപദേശത്തോട് കൂട്ടുന്നതാണോ, അല്ലെ

ങ്കിൽ എന്തെങ്കിലും എടുത്തു കളയുന്നതാണോ? (3) ദൈവം തിരഞ്ഞെടുത്ത ഒരു കാലഘട്ടത്തിലെ പരിശീലനമാണോ അത്?

ഒരു പാരമ്പര്യത്തിന്റെ ഉറവിടം പ്രധാനപ്പെട്ടതാണ്. പാരമ്പര്യം ദൈവത്തിൽ നിന്നാണെങ്കിൽ നാം അത് സ്വീകരിക്കണം. മനുഷ്യരിൽനിന്നാണെങ്കിൽ, അത് ദൈവം തിരഞ്ഞെടുത്ത കാലഘട്ടത്തിൽ കൂട്ടു ചേർക്കുന്നതല്ലെങ്കിൽ നമുക്ക് സ്വീകരിക്കാം.

മാനുഷ കൽപനകളെയും അവരുടെ പാരമ്പര്യത്തെയും കുറിച്ച് ശാസ്ത്രിമാരോടും പരീശന്മാരോടും യേശു പറഞ്ഞു:

> "നിങ്ങളുടെ സമ്പ്രദായങ്ങൾ കൊണ്ട് നിങ്ങൾ ദൈവകൽപനകൾ ലംഘിക്കുന്നത് എന്ത്?" (മത്തായി 15:3).

> " 'മാനുഷകൽപനകളായ ഉപദേശങ്ങളെ അവർ ഉപദേശിക്കുന്നതു കൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു,' നിങ്ങൾ ദൈവകൽപന വിട്ടുകളഞ്ഞു മനുഷ്യരുടെ സമ്പ്രദായം പ്രമാണിക്കുന്നു."
>
> "നിങ്ങളുടെ സമ്പ്രദായങ്ങളെ പ്രമാണിപ്പാൻ വേണ്ടി നിങ്ങൾ ദൈവകൽപനകളെ തള്ളിക്കളഞ്ഞതു നന്നായി ... ഇങ്ങനെ നിങ്ങൾ ഉപദേശിക്കുന്ന സമ്പ്രദായത്താൽ ദൈവകൽപന ദുർബ്ബലമാക്കുന്നു. ഈ വക പലതും നിങ്ങൾ ചെയ്യുന്നുവല്ലൊ" (മർക്കൊസ് 7:7-13).

പൗലൊസ് എഴുതി, "തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ട് ആരും നിങ്ങളെ കവർന്നു കളയാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. അത് മനുഷ്യരുടെ സമ്പ്രദായത്തിനു ഒത്തവണ്ണം ലോകത്തിന്റെ ആദ്യപാഠങ്ങൾക്ക് ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിനു ഒത്തവണ്ണം ഉള്ളതല്ല" (കൊലൊസ്യർ 2:8). "യെഹൂദകഥകളെയും സത്യം വിട്ടകലുന്ന മനുഷ്യരുടെ കൽപനകളെയും ശ്രദ്ധിക്കാതിരിക്കേണ്ടതിന്നും അവരെ കഠിനമായി ശാസിക്ക" എന്ന് പൗലൊസ് തിത്തോസിന് എഴുതിയപ്പോൾ പറഞ്ഞിരിക്കുന്നു (തിത്തൊസ് 1:14).

ക്രിസ്തുവിനെ അനുഗമിക്കുക എന്നതാണ് ക്രിസ്ത്യാനിയുടെ ലക്ഷ്യം. ദൈവത്തിന്റെ ഉപദേശത്തിൽ ഉൾപ്പെടാത്ത മനുഷ്യരുടെ പരിശീലനങ്ങൾ നാം ഒഴിവാക്കണം.

യേശുവിൽനിന്നും, അപ്പൊസ്തലന്മാരിൽനിന്നും, പുതിയനിയമപ്രവാചകന്മാരിൽനിന്നും വന്നതാണ് ശരിയായ പാരമ്പര്യം (എഫെസ്യർ 2:20; 3:5). ആ പാരമ്പര്യത്തെയാണ് നാം പിൻപറ്റേണത് (1 കൊരിന്ത്യർ 11:1; 2 തെസലൊനിക്യർ 2:15; 3:6).

ദൈവം തിരഞ്ഞെടുത്തിരിക്കുന്നതിന് എതിരാകുമ്പോൾ, മനുഷ്യസമ്പ്രദായങ്ങൾ തെറ്റാകുന്നു. ദൈവം തിരഞ്ഞെടുക്കാത്തതു ശരിയുമല്ല, തെറ്റുമല്ല. അതു നമ്മുടെ വിലയിരുത്തലനുസരിച്ച് വേണമെങ്കിൽ പിൻപറ്റുക, അല്ലെങ്കിൽ വിട്ടുകളയുക. സ്നാനം നല്ല ഒരു ഉദാഹരണമാണ്. സ്നാനത്തിൽ നാം "അടക്കപ്പെടുന്നു" (റോമർ 6:4; കൊലൊസ്യർ 2:12). നാം "മുങ്ങുകയാണെങ്കിൽ" നാം ദൈവം തിരഞ്ഞെടുത്തിരിക്കുന്നതിനെ സ്വീകരിക്കുന്നു. വെള്ളം തളിച്ച് നടത്തുകയാണെങ്കിൽ അതു മനുഷ്യസമ്പ്രദായം കൂട്ടിച്ചേർക്കുന്നതായതുകൊണ്ട് ദൈവം സ്വീകരിക്കുകയില്ല, കാരണം ദൈവം മറ്റൊരു തിരഞ്ഞെടുപ്പാണ് അതിന് നടത്തിയിരിക്കുന്നത്. ഒരാളെ പുറകോട്ട് മലർത്തി

മുക്കുന്നതാണ് ഒരു പാരമ്പര്യം, എന്നാൽ മുൻപോട്ട് മുക്കുന്നതും ചരിച്ചു മുക്കുന്നതും ശരിയാണ്.

ഒരു പാരമ്പര്യത്തിന്റെ ഉറവിടം പ്രധാനമാണ്. ഒരു പാരമ്പര്യം ദൈവത്തിൽനിന്നാണെങ്കിൽ, അത് പരിശീലിക്കുന്നത് ശരിയാണ്. ദൈവം തിരഞ്ഞെടുത്തിരിക്കുന്ന മേഖലയിൽ ഏതെങ്കിലും ലംഘിക്കുകയാണെങ്കിൽ മനുഷ്യരുടെ പാരമ്പര്യം തെറ്റാകുന്നു.

## ആത്മാവിലുള്ള ആരാധന

ആരാധനയുടെ രൂപം മാത്രം ശരിയായാൽ പോരാ, മനോഭാവവും ശരിയായിരിക്കണം. ചുണ്ടുകളുടെ ചലനവും സ്വരവും മാത്രമല്ല ദൈവം കാണുകയും കേൾക്കുകയും ചെയ്യുന്നത്, പിന്നെയോ ഹൃദയത്തിന്റെ സ്വരവും കൂടെ അവൻ ശ്രദ്ധിക്കും. മനുഷ്യന്റെ ആത്മാവിൽനിന്നും വരാത്ത ബാഹ്യമായ ചലനങ്ങളും പ്രകടനങ്ങളും ആരാധനയേ ആകുന്നില്ല. ആരാധന സത്യത്തിലും "ആയിരിക്കണം," ആത്മാവിലും "ആയിരിക്കണം." (യോഹന്നാൻ 4:23, 24). ആത്മാവിനെ ഉൾപ്പെടുത്തിയില്ലെങ്കിൽ, ദൈവം കൽപിച്ച രൂപത്തിലായാൽ പോലും അത് വിലയുള്ള ആരാധന ആകുന്നില്ല.

നല്ല ഇമ്പമുള്ള ശബ്ദം മാത്രം കേൾക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നതെങ്കിൽ, ഉദ്യോഗസ്ഥരെ കൊണ്ട്, സംഗീതം ആലപിക്കുകയും, പ്രാർത്ഥിപ്പിക്കുകയും, പ്രസംഗങ്ങൾ കൂടിവരുന്ന സ്ഥലത്ത് കേൾപ്പിച്ചാൽ മതിയല്ലൊ. മറ്റുള്ളവർ അതെല്ലാം ചെയ്യുമ്പോൾ ഇടവകക്ക് വീട്ടിലിരുന്നാൽ മതി അല്ലെങ്കിൽ, ആത്മാവിൽ ആരാധിക്കണം എന്നു ദൈവം പറഞ്ഞില്ലായിരുന്നുവെങ്കിൽ ശുശ്രൂഷകളെല്ലാം റിക്കോർഡ് ചെയ്ത് വീട്ടിലിരുന്ന കേട്ടാൽ മതിയല്ലോ.

ദൈവം നമ്മുടെ ബാഹ്യ പ്രകടനങ്ങൾ ആഗ്രഹിക്കുന്നു, എന്നാൽ അതിലും കൂടുതൽ ആഗ്രഹിക്കുന്നു. അവൻ നമ്മുടെ ഹൃദയത്തിന്റെ അകമ്പടിയും ഇഷ്ടപ്പെടുന്നു. ആരാധനയിൽ ക്രിസ്ത്യാനികൾ "സങ്കീർത്തനങ്ങളാലും സ്തുതികളാലും, ആത്മികഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിന്നു പാടിയും കൊണ്ടിരിപ്പിൻ" (എഫെസ്യർ 5:19). നമ്മുടെ ഹൃദയം ദൈവസന്നിധിയിൽ എത്തിയാൽ മാത്രമെ നമ്മുടെ പ്രവൃത്തികൾ ദൈവത്തിന് സ്വീകാര്യമാകയുള്ളു, അല്ലെങ്കിൽ നമ്മുടെ എല്ലാ പരിശ്രമങ്ങളും പാഴും ശൂന്യവുമാകും.

അവന്റെ കൽപനകൾ അനുസരിച്ചുകൊണ്ടാണ് നമുക്ക് യേശുവിനോട് സ്നേഹം പ്രകടിപ്പിക്കുവാൻ കഴിയുന്നത് (യോഹന്നാൻ 14:15, 21–23). ശിഷ്യരാകുന്നവർ യേശുവിന്റെ കൽപനകൾ എല്ലാം പ്രമാണിപ്പാൻ അവരെ ഉപദേശിക്കണമെന്നാണ് യേശു പഠിപ്പിച്ചത് (മത്തായി 28:20).

അവന്റെ കൽപനകളെല്ലാം എന്നു പറഞ്ഞിരിക്കുന്നതിൽ എന്തെല്ലാം അന്തർലീനമായിരിക്കുന്നു? (1) അവൻ കൽപിച്ചിരിക്കുന്ന കൽപനകളിൽ ഒന്നും വിട്ടുകളയാതെ, *എല്ലാം* അനുസരിക്കണം. (2) അവൻ കൽപിച്ചിരിക്കുന്നതിനപ്പുറമായി നാം ഒന്നും ചെയ്യുകയില്ല. അവൻ കൽപിച്ചിരിക്കുന്നതിനോട് *കൂട്ടിച്ചേർത്ത്* പ്രമാണിക്കുന്നത് അവന്റെ കൽപനകൾ അനുസരിക്കുന്നതല്ല. (3) അവൻ കൽപിച്ചിരിക്കുന്നതിൽ *കുറച്ചൊന്നും* നാം ചെയ്യുകയില്ല. നാം കുറച്ചു ചെയ്താൽ അവന്റെ കൽപനകൾ എല്ലാം നാം അനുസരിക്കുന്നില്ല. (4) അവൻ കൽപിച്ചിരിക്കുന്നതിനെ നാം ഒരിക്കലും മാറ്റം വരുത്തുകയില്ല. നാം മാറ്റം വരുത്തിയാൽ, നാം അവൻ കൽപിച്ചിരിക്കുന്ന

തെല്ലാം അനുസരിക്കുന്നില്ല.

യേശു ഉപദേശിച്ചതെല്ലാം പ്രമാണിപ്പാൻ സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ എന്ന കൽപന അപ്പൊസ്തലന്മാർ അങ്ങനെ തന്നെ അനുസരിച്ചു. ആദ്യക്രിസ്ത്യാനികളെ കുറിച്ച് ലൂക്കൊസ് എഴുതി, "അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു" (പ്രവൃത്തികൾ 2:42). സഭയുടെ ആരാധനക്കുള്ള മാർഗരേഖകൾ അപ്പൊസ്തലന്മാരുടെ ഉപദേശത്തിലുണ്ടായിരുന്നു. "എഴുതിയിരിക്കുന്നതിനപ്പുറം ഭാവിക്കരുതെന്ന്" പൗലൊസ് ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചിരിക്കുന്നു (1 കൊരിന്ത്യർ 4:6).

### സംക്ഷിപ്തം

ദൈവം നിർദ്ദേശിച്ച ചട്ടക്കൂട്ടിൽ നിൽക്കുന്നതായിരിക്കണം സത്യാരാധന. നാം അവനെ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. അവൻ കൽപിച്ചതിനോട് കൂട്ടുകയോ, അതിൽനിന്ന് എന്തെങ്കിലും മാറ്റുകയോ ചെയ്യരുത്, അവൻ ആവശ്യപ്പെടുന്ന ആരാധനയുടെ ലാളിത്യവും മനോഹാരിതയും നാം സൂക്ഷിക്കണം. നാം മനുഷ്യരെ പ്രസാദിപ്പിക്കുന്നതിനുവേണ്ടിയല്ല, ദൈവത്തെ ആരാധനയിൽ പുകഴ്ത്തുവാനാണ് ശ്രമിക്കേണ്ടത്.